ഓം ശ്രീഗുരവേനമഃ




**ഗുരുദർശനം പുണ്യം**
**വന്ദനം പാപനാശനം**
**വിശ്വാസം കോടി തീർത്ഥംച**
**അനുഗ്രഹം മോക്ഷ കാരണം**
*(ശ്രീ ഗുരുദർശനം 16-08-1961)*




## സമർപ്പണം

# ശിവഗിരിതീർത്ഥാടനം എൺപതാം വർഷം

**On MAY 1ST 1958**

**BHAKTASHRAMAM FORMED FOR A BETTER WORLD BY DESTROYING DANGEROUS EVIL POWERS OF KALIYUGA BY SREEGURU MAHARSHI SHANMUKHADASAR**

***21st Century Prescription For World Peace.***
***(Real Solution For Climate Change)***

**"എന്നെ പരീക്ഷിച്ച് വിശ്വസിക്കുക, അനുഭവപ്പെടുത്തിയതിനു ശേഷം എന്നെയും ദൂരെ തള്ളുക അനുഭവം തന്നെ സർവ്വശ്രേഷ്ഠം"** *(വേദപ്രാമാണ്യം)*

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ഇതിഹാസപുരുഷൻ പ്രജാപതി തപോനിധി
**ശ്രീ ഗുരുമഹർഷി ഷൺമുഖദാസരുടെ** (1919-2010) ദിവ്യജ്ഞാനോപദേശം

(അഗസ്ത്യമുനി, വസിഷ്ഠ, വാമദേവ ബ്രഹ്മർഷി തുല്യൻ
ശ്രീഗുരുമഹർഷി ഷൺമുഖദാസരുടെ ഏകശിഷ്യൻ
**ശ്രീമഹാഭക്തയോഗിസ്വാമിഗുരുപ്രസാദ്**)

**സർവ്വദോഷ ഈതിബാധ ആധിവ്യാധിഹരം പാപഹരം കലിവിനാശനം ആയുരാരോഗ്യ സൌഖ്യ ശാന്തി ദായകം. സർവ്വരക്ഷാസാധനം, മോക്ഷസാധനം**

# ധർമ്മവും അധർമ്മവും

## I. ധർമ്മം

1. ആർക്കും യാതൊരുവിധ ദോഷമില്ലാത്തതും എല്ലാവർക്കും ഗുണകരമായതും ആയ മാർഗ്ഗം ഏതാണോ അതാണ് എല്ലാവർക്കും സ്വീകാര്യമായ ധർമ്മ മാർഗ്ഗം
2. എന്താണ് ധർമ്മം - ചെയ്യേണ്ടത് ചെയ്യുക ധർമ്മം. ചെയ്യാൻ പാടില്ലാത്തതു ചെയ്യാതിരിക്കുക അതും ധർമ്മം

## II. അധർമ്മം

1. ചെയ്യാൻ പാടില്ലാത്തത് ചെയ്യുക അധർമ്മം
2. ചെയ്യേണ്ടത് ചെയ്യാതിരിക്കുക അതും അധർമ്മം

**ഈ ശരീരം കൃഷിഭൂമിയാണ്. പുണ്യപാപങ്ങൾ ധർമ്മാധർമ്മങ്ങൾ വിത്തുകളും, എന്തു വിതയ്ക്കുന്നുവോ അതുതന്നെ കൊയ്യും** (രാമായണ കർത്താവ് വാല്മീകി മഹർഷിയുടെ അവതാരം തുളസീദാസർ രചിച്ച രാമചരിത മാനസം)

**അക്ഷൈർമ്മാദിവ്യ : കൃഷിമിൽ കൃഷസ്വ**
**വിത്തേരമസ്വ ബഹുമന്യമാന :**
**തത്രഗാവ : കിതവ തത്രജായാ** *(ഋഗ്വേദം അഷ്ടകം 7 - 8 - 5)*

അർത്ഥം :- **പകിട (ചൂത്) കളിച്ച് സമയം കളയരുത്. വയൽ കൃഷി ചെയ്യുക.**

**സ്വാഭിമാനത്തോടുകൂടി ധനത്തിൽ സുഖിക്കുക. അല്ലയോ, ചൂതുകളിക്കാരാ, അവിടെ നിന്റെ കന്നുകളുണ്ട്, ഭാര്യയുണ്ട്, സമ്പത്തുണ്ട്, ഭാര്യാസുഖമുണ്ട്. (ഈ ധർമ്മ രഹസ്യം സർവ്വ പ്രേരകമായ ഇക്കണ്ട സൂര്യൻ പലപാടെന്നെ തന്റെ കൃത്യനിഷ്ഠം, വൃഷ്ടിദാനം മുതലായവയാൽ ബോധിപ്പിച്ചിരിക്കുന്നു. ഇത് ഋഷിയുടെ വാക്കാണ്.)**

**സ്വസ്തിപന്ഥാമനുചരേമ, സൂര്യാചന്ദ്രമസാവിവ**

**പുനർദ്ദദതാഘ്നതാ ജാനതാസങ്ഗമേമഹി** *(ഋ : 4, 3, 7)*

അർത്ഥം : **-നാം സന്മാർഗ്ഗത്തിൽ സൂര്യചന്ദ്രന്മാരെപ്പോലെ നിയതമായി ചരിയ്ക്കാവൂ. ദാതാക്കളും അഹിംസാലുക്കളും ജ്ഞാനികളുമായി സംഗമിയ്ക്കാവൂ.** (51 അക്ഷരസ്വരൂപമാണ് വേദമാതാവ്. അക്ഷരവിരോധികളും അധർമ്മികളും അക്രമികളുമായി ഒരിക്കലും സഹകരിക്കരുതെന്നർത്ഥം)

**അക്ഷരമെന്തന്നറിവീലാചാത്തനു യക്ഷിയും പേയുമിവർക്ക് ദൈവം**

(കവികുലഗുരു കുമാരനാശാൻ)

**"വേദപഠനം പോലെ ശ്രേഷ്ഠമാണ് കൃഷിയും വ്യവസായവും വാണിജ്യവും പശുപരിപാലനവും മറ്റും''** (ചിരംജീവി മാർക്കണ്ഡേയ മഹർഷി രചിച്ച മാർക്കേണ്ഡയ പുരാണം ദേവീമാഹാത്മ്യം എന്ന ദുർഗാസപ്തശതി)

ഏറ്റവും വലിയ ഭക്തൻ = കർഷകൻ (ശുകബ്രഹ്മർഷിയുടെ അവതാരം ശ്രീരാമഭക്ത കബീർ)

ശരീരത്തിന്റെ ആധാരം - അടിസ്ഥാനം പാദം - പാദത്തിലാണ് ശരീരം നില നിൽക്കുന്നത്. അടിസ്ഥാനവർഗ്ഗമായ കർഷകൻ, രാഷ്ട്രപിതാവ് മഹാത്മജിയാൽ ഹരിജൻ എന്നു വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത് ഏറ്റവും വലിയ ഭക്തൻ എന്ന നിലയിലാകുന്നു.

മനുഷ്യന്റെ ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ-ശൂദ്ര വിഭാഗീയത ജന്മസിദ്ധമായ ഗുണകർമ്മധർമ്മങ്ങൾ ആധാരമാക്കിയുള്ളതാകുന്നു. (ഭഗവത് ഗീത 4-13) (അടി സ്ഥാന വർഗ്ഗം രാപകൽ അദ്ധ്വാനിച്ച് ജീവന്റെ നിലനിൽപ്പിനാധാരമായ അന്ന ബ്രഹ്മം കൃഷി ചെയ്ത് വിളവുണ്ടാക്കി മറ്റുള്ള മൂന്ന് വിഭാഗങ്ങൾക്ക് ഐശ്വര്യജീ വിതം അരുളി അവരെ രക്ഷിക്കുന്ന ശൂദ്രവർഗ്ഗമായതുകൊണ്ട് ജാതിയിൽ ശ്രേഷ്ഠത്വം കൃഷി ചെയ്യുന്നവർക്കാകുന്നു. എന്തെന്നാൽ പാദബലമില്ലെങ്കിൽ ശരീ രത്തിന് നിലനിൽപ്പുണ്ടാകുന്നില്ലെന്നത് അനുഭവസത്യമാകുന്നു. അനു ഭവസത്യത്തെ നിഷേധിക്കുന്ന

**"മൂഢരാം മന്ത്രിമാർ ചൊല്ലു കേട്ടീടുകിൽ-**

**നാടുമായുസ്സും കുലവും നശിച്ചുപോം"**

(അദ്ധ്യാത്മരാമായണം യുദ്ധകാണ്ഡം, കുംഭകർണ്ണൻ വിഭീഷണനോടുള്ള ഉപദേശം)

ലഹരി വിമോചനം ഉൾപ്പെടെ മന്ത്ര-തന്ത്ര ജ്യോതിഷ ശാസ്ത്രങ്ങൾക്കപ്പുറം ശ്രീഗുരുകാരുണ്യത്താൽ ജ്യോതിഷാനാം ജ്യോതിസ്സായ ദൈവീക ചിന്തനത്തിലൂടെ ജീവിത പ്രശ്നങ്ങൾക്കെല്ലാം പരിഹാരം അരുളുന്നു.


# ശ്രീമഹാഭക്തയോഗി സ്വാമി ഗുരുപ്രസാദ്

**മഠാധിപധി ഭക്താശ്രമം**

**പെരുമ്പടന്ന, എൻ. പറവൂർ 683513, എറണാകുളം ജില്ല, കേരളം**

**മൊബൈൽ : 9249502297, www.bhaktashramam.org**

**on 28th Dec. 2012 sent E-mail to sivagirimutt@gmail.com from bhaktashramam@ymail.com**